ഉത്തരം

(എ) വാഹനങ്ങൾ പ്രവർത്തനക്ഷമമാകാതിരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാഹനങ്ങൾ പ്രവർത്തനക്ഷമമാകാതിരുന്നതിനെത്തുടർന്ന് പിഴ ഈടാക്കുവാനുള്ള കരാറിലെ നിബന്ധന പ്രകാരം കമ്പനിക്ക് കൊടുക്കുവാനുള്ള തുകയിൽനിന്നും പിഴ ഈടാക്കിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ഹെവി ഡ്യൂട്ടി ഡ്രൈവർ ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ

130 (795) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ആരോഗ്യ കുടുംബക്ഷേമവകുപ്പിൽ ഹെവിഡ്യൂട്ടി ഡ്രൈവർ ഗ്രേഡ് 2 തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരോഗ്യവകുപ്പ് ഡയറക്ടറിനുകീഴിൽ എട്ട് ഒഴിവുകൾ ഉണ്ട്.

(ബി & സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ആരോഗ്യ സുരക്ഷാ പദ്ധതികൾ

131 (796) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മിഷൻവഴി ആരോഗ്യവകുപ്പിന്റെകീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതികൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

(സി) ആരോഗ്യവകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിലെ എല്ലാ വകുപ്പുതലവൻമാരുടെയും ജില്ലാ മേധാവികൾ ഉൾപ്പെടെ എല്ലാ ഉന്നത ഉദ്യോഗസ്ഥരുടെയും കൂട്ടായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് മിഷൻ 676 പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയത്.

(ഡി) എല്ലാ മാസവും ആരോഗ്യവകുപ്പു മന്ത്രി നേരിട്ട് പദ്ധതികളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്യുവരുന്നു. ആരോഗ്യവകുപ്പ് സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, എൻ.ആർ.എച്ച്.എം. മിഷൻ ഡയറക്ടർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ പദ്ധതികളുടെ മാസംതോറുമുള്ള പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതികളുടെ ചാർജ് വഹിക്കുന്ന എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഗവൺമെന്റ്തലത്തിൽ മാസംതോറും അവലോകന യോഗങ്ങളും ആവശ്യമായ ഇടപെടലുകളും നടത്തുകയും ചെയ്യുന്നു.

ഐക്കോൺസിന്റെ (ICCONS) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

132.(797) ശ്രീ. ബി. സത്യൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐക്കോൺസിന്റെ (ICCONS) തിരുവനന്തപുരം പുലയനാർ കോട്ടയിലെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്നത് എന്തുകൊണ്ടാണ് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly